# 70. ഒരു മഹാഗ്രന്ഥത്തിന്റെ നാനൂറാം പിറന്നാൾ

ഒരു പുസ്തകത്തിന്റെ പിറന്നാൾ ആഘോഷിക്കുക സാധാരണമല്ല. നാനൂറാം പിറന്നാൾ ആഘോഷിക്കപ്പെടുന്ന പുസ്തകം, അക്കാരണംകൊണ്ടുതന്നെ, അത്യന്തം അസാധാരണമായ ഒന്നായിരിക്കണം. മേല്പുത്തൂർ നാരായണ ഭട്ടതിരി സംസ്കൃതത്തിൽ രചിച്ച 'നാരായണീയം' എന്ന സ്തോത്രകാവ്യത്തിന്റെ നാനൂറാം വാർഷികം 1986 ഡിസംബർ 13 മുതൽ അഞ്ചു ദിവസങ്ങളിലായി ഗുരുവായൂർവെച്ചു വിപുലമായ പരിപാടികളോടെ ആഘോഷിക്കപ്പെടുകയുണ്ടായി. ആഘോഷപരിപാടികൾ 1987 ഡിസംബർവരെ, ഒരാണ്ടുകാലം നീണ്ടുനില്ക്കുന്നതാണെന്നു പ്രസ്താവിക്കപ്പെട്ടിട്ടുമുണ്ട്. പലവിധത്തിൽ അസാധാരണമായ 'നാരായണീയ'ത്തിലേക്ക് പണ്ഡിതന്മാരുടെയെന്നപോലെ സാധാരണവായനക്കാരുടെയും, കേരളീയരുടെയെന്നപോലെ കേരളത്തിനു പുറത്തുള്ളവരുടെയും, ശ്രദ്ധ ആകർഷിക്കാൻ ഈ പരിപാടികൾ ഉതകേണ്ടതാണ്.

'നാരായണീയ'ത്തിന്റെ ബഹുമുഖമായ അസാധാരണതയുടെ ഒരു കാരണം അതിന്റെ ഉല്പത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വാതരോഗത്തിൽനിന്ന് ഉളവായ പലതരം ശാരീരികപീഡകളാൽ അവശനായ നാരായണ ഭട്ടതിരി, രോഗശാന്തിക്കുള്ള അവസാന ശ്രമമെന്നനിലയിൽ, നൂറുദിവസംകൊണ്ടു നിർമിച്ചതാണ് ആയിരത്തിമുപ്പത്താറു പദ്യങ്ങളുള്ള ഈ കാവ്യം. വ്യാകരണാചാര്യനായ തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിക്കു ഗുരുദക്ഷിണയെന്ന നിലയിൽ തന്റെ ആരോഗ്യം നൽകി, അദ്ദേഹത്തെ അലട്ടിയിരുന്ന വാതരോഗം സ്വന്തം ശരീരത്തിലേക്ക് ആവാഹിച്ചതിന്റെ ഫലമായിട്ടാണ് നാരായണ ഭട്ടതിരി യൗവനത്തിൽത്തന്നെ ദിനകൃത്യങ്ങൾ നിർവഹിക്കുന്നതിനുപോലും കഴിവില്ലാത്തവിധത്തിൽ രോഗാതുരനായിത്തീർന്നതെന്ന വിശ്വാസം കേരളീയർക്കിടയിൽ പണ്ടുമുതല്ക്കേ രൂഢമൂലമായിരുന്നു. ചികിത്സകൊണ്ടു രോഗം ശമിക്കാതിരുന്നപ്പോൾ, വാതവ്യാധിഹരനെന്നു പ്രസിദ്ധി നേടിയിരുന്ന ഗുരുവായൂരപ്പനെ ഭജിക്കുവാൻ എത്തിച്ചേർന്ന ഭട്ടതിരി 'നാരായണീയ'ത്തിലെ പദ്യങ്ങൾ ഒന്നിനു പിറകെ ഒന്നായി രചിച്ചുചൊല്ലിക്കൊണ്ട് ഇരിക്കാറുള്ള സ്ഥലം, ഗുരുവായൂരമ്പലത്തിലെ തെക്കേവാതിൽമാടത്തിന്റെ കിഴക്കേ അററത്ത് അടയാളപ്പെട്ടു കിടപ്പുണ്ട്. 'നാരായണീയ'ത്തിന്റെ നിർമാണം കൊല്ലവർഷം 762–ാമാണ്ട് വൃശ്ചികമാസം 28–ാം തീയതി പൂർത്തിയായതോടെ ഭട്ടതിരിക്കു രോഗത്തിൽനിന്നു മോചനം മാത്രമല്ല, ഈശ്വരദർശനംകൂടി കൈവന്നതായി ജനങ്ങൾ വിശ്വസിക്കുന്നു. രോഗമോചനമെന്ന ലക്ഷ്യം മുൻനിർത്തി രചിക്കപ്പെട്ട കൃതികൾ വേറെയും ഉണ്ടെങ്കിലും 'നാരായണീയം'പോലെ 'സദ്യസ്സിദ്ധികര'മായിത്തീർന്ന മറെറാരു കൃതിയെപ്പററി കേട്ടുകേൾവിയില്ല.

'സംസ്കൃതഭാഷയിലുള്ള ഏററവും വലിയ സ്തോത്രം' എന്നു വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, മററു സ്തോത്രങ്ങളിൽനിന്നെല്ലാം പലതുകൊണ്ടും അത്യന്തംഭിന്നമാണ് 'നാരായണീയം'. ആരാധ്യദേവതയുടെ ഗുണകീർത്തനം, ആ ദേവതയുടെ മുമ്പിൽ പൂർണമായ ആത്മസമർപ്പണം, തന്റെ ആഗ്രഹങ്ങൾ സാധിച്ചുതരണമെന്ന് ആ ദേവതയോടു നടത്തുന്ന

അഭ്യർത്ഥന എന്നിവയാണ് എല്ലാ സ്തോത്രങ്ങളുടെയും പ്രമുഖഘടകങ്ങൾ. 'നാരായണീയ'ത്തിലും ഇതെല്ലാം ഇല്ലായ്കയില്ല. രോഗബാധിതനായ തന്റെ നിസ്സഹായതയെച്ചൊല്ലി വിലപിക്കുന്ന ഭട്ടതിരി അനുവാചകന്റെ ഹൃദയത്തെ കരുണരസത്തിൽ ആപ്ലാവിതമാക്കിക്കൊണ്ടാണ് 'നാരായണീയം' ആരംഭിക്കുന്നത്. എന്നാൽ, വ്യക്തിഗതങ്ങളായ ദുഃഖങ്ങൾ ആവിഷ്കരിക്കുവാനല്ല, മതവിശ്വാസത്തെപ്പററിയുള്ള തന്റെ ദൃഢധാരണകൾ വിശദമാക്കുവാനാണ് ഈ കൃതിയിൽ താൻ ഉദ്ദേശിക്കുന്നതെന്നു താമസിയാതെ ഭട്ടതിരി നമ്മെ അറിയിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള മാർഗമായി അദ്ദേഹം കാണുന്നതാകട്ടെ, മധ്യകാല ഹിന്ദുമത ഗ്രന്ഥങ്ങളിൽ മഹത്തരമെന്ന് സർവസമ്മതിനേടിയ ശ്രീമദ് ഭാഗവതപുരാണത്തിന്റെ സംക്ഷേപണമാകുന്നു. പതിനെണ്ണായിരം പദ്യങ്ങളിലായി പരന്നുകിടക്കുന്ന ഭാഗവതപുരാണം ആയിരത്തിമുപ്പത്താറു പദ്യങ്ങളിലേക്കു ചുരുക്കിയെടുത്തപ്പോൾ, കാതലായ ഒന്നും ഭട്ടതിരി വിട്ടുകളയുകയുണ്ടായില്ല; പൊലിപ്പിക്കേണ്ടതു പൊലിപ്പിക്കുകയുംചെയ്തു. തൊണ്ണൂററിഒമ്പതാം ദശകത്തിലെ 'വേദസ്തുതി'പോലെ, ഭാഗവതത്തിലില്ലാത്ത ചിലതു കൂട്ടിച്ചേർക്കാനും അദ്ദേഹം തയ്യാറായി. അനന്യസുലഭമായ സംക്ഷേപണസാമർത്ഥ്യമാണ് ഭട്ടതിരി 'നാരായണീയ' രചനയിൽ പ്രകടമാക്കിയിട്ടുള്ളത്. അതിനാൽ, 'കുട്ടിബ്ഭാഗവതം' എന്ന പ്രശസ്തി 'നാരായണീയ'ത്തിനു വളരെവേഗം കൈവന്നു. 'ഭാഗവത'ത്തിന്റെ സ്ഥാനത്ത് ഭക്തന്മാർ നിത്യപാരായണത്തിനു 'നാരായണീയം' ഉപയോഗപ്പെടുത്താൻ തുടങ്ങി. പരപ്പേറിയ ഭാഗവതത്തിൽ പ്രതിപാദിക്കുന്ന വിഭിന്ന വിഷയങ്ങൾ ഓർമയിൽവയ്ക്കുന്നതിന്, 'നാരായണീയം'പോലെ ഉപകരിക്കുന്ന മറെറാരു ഗ്രന്ഥമില്ല.

ഭാഗവതം ഒരു മതഗ്രന്ഥം മാത്രമല്ല, ഒരു ദർശനഗ്രന്ഥംകൂടിയാണ്. ദർശനത്തിന്റെ ആത്യന്തിക വിഷയങ്ങളായ വ്യക്തി, പ്രപഞ്ചം, ഈശ്വരൻ എന്നിവയെപ്പററി അദ്വൈതവേദാന്തത്തിന്റേതായ നിലപാടാണ് ഭാഗവതകാരൻ അംഗീകരിച്ചിട്ടുള്ളത് എന്നു പറയാം. അതേസമയം, ഭക്തിദർശനം സംബന്ധിച്ച ആധികാരികഗ്രന്ഥങ്ങളിൽ പരമപ്രാമാണികമായി കരുതപ്പെടുന്നതും ഭാഗവതമാകുന്നു.

ജ്ഞാനം കർമാ ƒ പി ഭക്തി സ്ത്രിതയമിഹ ഭവേത്
  പ്രാപകം; തത്ര താവദ്
നിർവിണ്ണാനാ മശേഷേ വിഷയ ഇഹ ഭവേദ്
  ജ്ഞാനയോഗേ ƒ ധികാരഃ;
സക്താനാം കർമയോഗസ്ത്വയി ഹി വിനിഹിതോ;
  യേ തു നാത്യന്ത സക്താ
നാപ്യത്യന്തം വിരക്താ സ്ത്വയിച ധൃതരസാ
  ഭക്തിയോഗോ ഹ്യമീഷാം (96.4)

(മനുഷ്യർക്കു ഈശ്വരസാക്ഷാൽക്കാരം നേടുന്നതിനുള്ള മൂന്നു മാർഗങ്ങളാണു ജ്ഞാനയോഗവും കർമയോഗവും ഭക്തിയോഗവും. എല്ലാ ഭൗതികവിഷയങ്ങളിലും വൈരാഗ്യം വന്നവർക്കാണു ജ്ഞാനയോഗത്തിന് അധികാരം. വിഷയങ്ങളിൽ ആസക്തിയുള്ളവർക്കു പററിയതു് ഫലം ഈശ്വരനിൽ സമർപ്പിച്ചു ചെയ്യുന്ന കർമയോഗമാകുന്നു. ആസക്തിയോ, വിരക്തിയോ അധികം ഇല്ലാത്തവർക്കു ഭക്തിയോഗം വിധിക്കപ്പെട്ടിരിക്കുന്നു) എന്ന് ഭട്ടതിരി ഭാഗവതത്തിന്റെ സന്ദേശം സംഗ്രഹിക്കുന്നു. വ്യക്തിയുടെ ആത്മാവും പ്രപഞ്ചാത്മാവും ഒന്നെന്ന അവബോധമാണു മുക്തിയെന്നതത്രേ അദ്വൈത ദർശനത്തിന്റെ സാരാംശം. ഈ ദർശനം

കൈവരാത്തവർക്ക്, ഈശ്വരാർപ്പണമായി സ്വകർമങ്ങൾ അനുഷ്ഠിക്കുന്നതിലൂടെയോ, ഏകതാനതയോടെ ഇഷ്ടദേവതയെ ഉപാസിക്കുന്നതിലൂടെയോ ചിത്തശുദ്ധിയും, തൽഫലമായി ആത്മ—ബ്രഹ്മ—ഐക്യബോധവും നേടാമെന്ന് അദ്വൈതവാദി വിശ്വസിക്കുന്നു. കർമാനുഷ്ഠാനദശയിലും ദേവതോപാസനാദശയിലും അദ്വൈതദർശനം ഉണ്ടാവുക സാധ്യമല്ലെങ്കിലും, കർമയോഗിയുടെയും ഭക്തിയോഗിയുടെയും ദ്വൈതദർശനം പാരന്ത്യികമായി അദ്വൈതബോധത്തിലേക്കു നയിക്കുമെന്ന കാര്യത്തിൽ അദ്വൈതവാദികൾക്കു സന്ദേഹമില്ല. ഭട്ടതിരിയുടെ നിലപാടും ഇതുതന്നെയാണ്. ഈശ്വരന്റെ സഗുണരൂപത്തെ സാക്ഷാൽക്കരിക്കുകയെന്ന ഘട്ടംവരെ മാത്രമേ 'നാരായണീയം' അദ്ദേഹത്തെ എത്തിക്കുന്നുള്ളു. അദ്വൈതദർശനം 'നാരായണീയ'ത്തിന്റെ പശ്ചാത്തലം മാത്രമേ ആകുന്നുള്ളു; അതിന്റെ പുരസ്തലത്തിലുള്ളത്, തന്നിൽനിന്നു ഭിന്നനായ ഭഗവാനിലുള്ള പരമപ്രേമസ്വരൂപമായ ഭക്തിയാകുന്നു. അദ്വൈതവിജ്ഞാനം നേടുന്നതിനുള്ള പക്വത തനിക്കു കൈവന്നിട്ടില്ലെന്നും, അതിനാൽ ഭക്തിയെന്ന അനുഗ്രഹമേ ഭഗവാനിൽനിന്നു താൻ പ്രാർത്ഥിക്കുന്നുള്ളു എന്നും ഭട്ടതിരി തുറന്നുതന്നെ പറഞ്ഞിട്ടുണ്ട്:

> ജീവന്മുക്തത്വ മേവംവിധമിതി വചസാ
>     കിംഫലം? ദൂര ദൂരേ
> തന്നാമാശുദ്ധബുദ്ധേ, ന്ചലഘു മനസഃ
>     ശോധനം ഭക്തിതോ ƒ ന്യൽ,
> തന്മേ വിഷ്ണോ! കൃഷീഷ്ഠാസ്ത്വയി കൃതസകല
>     പ്രാർപ്പണം ഭക്തിഭാരം,
> യേന സ്യാം മങ്ക്ഷു കിഞ്ചിദ് ഗുരുവചനമിളൽ—
>     ത്വൽപ്രബോധ സ്ത്വദാത്മാ (94.6)

(ജീവന്മുക്തന്റെ ലക്ഷണം വാക്കുകൊണ്ടു പറഞ്ഞിട്ട് എന്തു ഫലം? ബുദ്ധിശുദ്ധി വരാത്തവർക്കു ജീവന്മുക്തി (അദ്വൈതദർശനം) വളരെ അകലെയാണ്. ഭക്തിയേക്കാൾ എളുപ്പത്തിൽ ബുദ്ധിക്കു ശുദ്ധി നൽകുന്ന മറ്റൊന്നുമില്ലതാനും. അതിനാൽ, അങ്ങയിൽ എല്ലാം സമർപ്പിക്കുന്ന ഭക്തി എനിക്കു നൽകണേ! ആ ഭക്തി കൈവന്നാൽ പിന്നീട് ഗുരുവിന്റെ ഉപദേശത്തിലൂടെ അങ്ങയെ മനസ്സിലാക്കി ഞാൻ വേഗത്തിൽ അങ്ങുതന്നെ ആയിത്തീരും).

അങ്ങനെ അദ്വൈതദർശനത്തിന്റെ വിശാലമായ ചട്ടക്കൂട്ടിനുള്ളിൽ ദ്വൈതദർശനപ്രഭേദങ്ങളെയും, ജ്ഞാനയോഗത്തിന്റെ പരിധിയിൽ കർമയോഗം, ഭക്തിയോഗം, രാജയോഗം, തന്ത്രയോഗം എന്നിവയേയും സമന്വയിപ്പിക്കുകയാണ്, ഭാഗവതകാരനേയും ശങ്കരാചാര്യരേയും തുടർന്ന്, നാരായണ ഭട്ടതിരിയും ചെയ്തിട്ടുള്ളത്.

സ്തോത്രമായിരിക്കെത്തന്നെ ലളിതമധുരമായ ഒരു മഹാകാവ്യവുമാണ് 'നാരായണീയം' എന്നതത്രെ അതിന്റെ മറ്റൊരു അസാധാരണത്വം. ഭട്ടതിരിക്കു ശ്വാസോച്ഛ്വാസംപോലെ അനായാസസിദ്ധമാണ് സംസ്കൃതഭാഷാസ്വാധീനം. ഗ്രന്ഥകാരന്റെ വിസ്തൃതമായ പാണ്ഡിത്യത്തെ പ്രതിഫലിപ്പിക്കുന്ന 'നാരായണീയം' പഠിതാക്കൾക്ക് അത്യന്തം വ്യുൽപത്ത്യാധായകമാകുന്നു. സ്വയംപൂർണങ്ങളായ ദശകങ്ങളുടെ രൂപത്തിലുള്ള സംവിധാനം നിമിത്തം, തീരെ മുഷിവുകൂടാതെ 'നാരായണീയം' പാരായണം ചെയ്തുപോകാം. സംസ്കൃതത്തിലെ ഇരുപതോളം പ്രസിദ്ധ വൃത്തങ്ങളിൽ പതിനെട്ടും ഭട്ടതിരി 'നാരായ

ണീയ' രചനയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഒററ വായനയ്ക്ക് അർത്ഥം സ്പഷ്ടമാകുമാറു പ്രസന്നമെങ്കിലും 'നാരായണീയം' അഗാധങ്ങളായ അർത്ഥധ്വനികൾ ഉൾക്കൊള്ളുന്നതിനാൽ വിമർദഹൃദ്യവുമാണ്. മനോഹരങ്ങളാണ് അതിലെ അലങ്കാരകല്പനകൾ. കവി നൽകുന്ന ആശയചിത്രങ്ങൾക്ക്, പാട്ടിനു ശ്രുതിപോലെ, ഇണങ്ങിപ്പോകുന്നതാണ് 'നാരായണീയ'ത്തിലെ ശബ്ദസംഗീതം. നരസിംഹാവതാരം, കാളിയമർദനം, രാസക്രീഡ മുതലായവ വർണിക്കുന്ന നാരായണീയ ഭാഗങ്ങളുടെ ശബ്ദസൗന്ദര്യം അനുപമമെന്നേ പറയാവൂ. ഭക്തിയാണ് 'നാരായണീയ'ത്തിലെ അടിസ്ഥാന ഭാവമെങ്കിലും, മററു രസങ്ങളും, സർവോപരി നർമരസവും, അതിനു വർണശബളത നൽകുന്നു. സംസ്കൃതത്തിലെ പല മഹാകാവ്യങ്ങൾക്കിടയിൽ, അദ്വിതീയമായ ഒരു സ്ഥാനം 'നാരായണീയ'ത്തിനുണ്ടെന്നതു നിസ്തർക്കമാകുന്നു.

മലയാളം അടക്കം പല ഭാഷകളിലായി ധാരാളം വിവർത്തനങ്ങൾ 'നാരായണീയ'ത്തിനു് ഉണ്ടായിട്ടുണ്ട്. എങ്കിലും, ഒരു വിവർത്തനത്തിനും മൂലത്തെ സമീപിക്കാൻ കഴിയാത്തവിധത്തിലാണ് 'നാരായണീയ'ത്തിന്റെ രചന. വ്യാഖ്യാനങ്ങളിലൂടെ അർത്ഥം മനസ്സിലാക്കി മൂലം വായിക്കുന്ന പക്ഷം, സംസ്കൃതത്തിൽ വളരെയൊന്നും അവഗാഹം ഇല്ലെങ്കിലും, ഏതു സഹൃദയനും 'നാരായണീയ'ത്തിന്റെ സ്പിരിററ് ഉൾക്കൊള്ളാൻ കഴിയും. പ്രാദേശികഭാഷകളിൽ പദാനുപദ–അർത്ഥവിവരണത്തോടെ, 'നാരായണീയം' മൂലം പ്രാദേശികലിപികളിൽ അച്ചടിച്ചു പുറത്തിറക്കുകയാണെങ്കിൽ, ഈ കേരളീയഗ്രന്ഥത്തിനു താമസിയാതെ അഖിലഭാരതപ്രചാരം കൈവരുമെന്ന് ഉറപ്പിച്ചുപറയാം.

ഇതിനുവേണ്ട ക്രിയാത്മകനേതൃത്വം, ഒരു വർഷം നീണ്ട നാരായണീയ ചതുശ്ശതാബ്ദാഘോഷ പരിപാടികൾക്കിടയിൽ, ഗുരുവായൂർ ദേവസ്വം മററു ഭാഷകളിലെ പ്രമുഖ പുസ്തകപ്രകാശകർക്കു നൽകുമെന്ന് ആശിക്കുന്നു. ഒപ്പം, ഉദ്ഘാടനസമ്മേളനത്തിൽ കേരള മുഖ്യമന്ത്രി ശ്രീ കരുണാകരൻ പ്രസ്താവിച്ചതുപോലെ, ഭട്ടതിരി സാഹിത്യസമുച്ചയം ശേഖരിച്ചു പിഴതീർത്തു് ആധികാരികമായി പ്രസിദ്ധീകരിക്കുന്നതിനുള്ള ധാർമ്മികമായ ചുമതലയും ഗുരുവായൂർ ദേവസ്വം നിറവേററുകതന്നെ വേണം.

'നാരായണീയ'ത്തോടു നേരിട്ടു ബന്ധപ്പെട്ടതല്ലെങ്കിലും, ഗുരുവായൂർ ക്ഷേത്രത്തെ സംബന്ധിക്കുന്ന ഒരു പ്രധാന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുന്നതു പ്രസക്തമായിരിക്കുമെന്നു കരുതുന്നു. ഹരിജനങ്ങൾക്കു പ്രവേശനം നേടുന്നതിനായി കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹമാണു സമീപകാലത്തു് ഗുരുവായൂർ ക്ഷേത്രത്തിനു് അഖിലഭാരത പ്രശസ്തി നൽകിയതു്. ഈ സത്യാഗ്രഹത്തിന്റെ ലക്ഷ്യം സാധിച്ചതായി പറയാമെങ്കിലും, ആധുനികപരിഷ്കാരത്തിനോ മനുഷ്യസംസ്കാരത്തിനോ ഇണങ്ങാത്ത, യുക്തിശൂന്യങ്ങളും തികച്ചും അനാവശ്യങ്ങളുമായ പല നിയന്ത്രണങ്ങളും ആരാധകരുടെമേൽ ഗുരുവായൂർ ക്ഷേത്രാധികൃതർ ഇപ്പോഴും ചുമത്തിവരുന്നുണ്ട്. ക്ഷേത്രത്തിലേക്കു ചെല്ലുന്നവരുടെ വസ്ത്രധാരണരീതികൾ സംബന്ധിച്ച അധികൃതരുടെ അപരിഷ്കൃത ധാരണകളുടെ ഫലമായി നമ്മുടെ രാഷ്ട്രപതിയായ സെയ്ൽസിംഗിനു് ഗുരുവായൂർ ക്ഷേത്രത്തിൽ കടക്കാൻ കഴിഞ്ഞില്ലെന്ന വസ്തുത കേരളീയർക്കൊട്ടാകെ അപമാനകരമാകുന്നു. ഇതുപോലെതന്നെ, ഹിന്ദുമതത്തിലെ വിശാലമായ സഹിഷ്ണുതാമനോഭാവത്തിനു നിരക്കാത്തതാണ് അഹിന്ദുക്കൾക്കു ക്ഷേത്രസന്നിധിയിൽ പ്രവേശനം നിരോധിക്കുന്ന അധികൃതരുടെ നടപടി.

**ചതുർവിധാ ഭജന്തേ മാം ജനാഃ സുകൃതിനോƒർജ്ജുന!**
**ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥീ ജ്ഞാനീ ച ഭരതർഷഭ!**

എന്ന് ഗീതയിൽ വിവരിച്ചതുപോലെ, രോഗമോചനമാഗ്രഹിച്ചോ മറെറന്തെങ്കിലും പ്രയോജനങ്ങൾക്ക വേണ്ടിയോ, അറിയുവാനോ, അറിവുള്ളതുമൂലമോ, ഗുരുവായൂരിലെത്തിയാലും, 'ഹിന്ദു' എന്ന ലേബൽ നെററിയിലൊട്ടിക്കാത്തവർക്ക ക്ഷേത്രത്തിൽനിന്ന വളരെ അകന്നേ ഇപ്പോഴം സ്ഥാനമുള്ളു. തന്നോടൊപ്പം സഞ്ചരിക്കുന്ന ജിജ്ഞാസുക്കളും ജ്ഞാനികളുമായ അന്യമതസ്ഥർക്ക പ്രവേശനം നിഷേധിക്കപ്പെട്ടതിനാൽ, ആധുനികയുഗം കണ്ട മഹർഷിവര്യരിൽ അഗ്രഗണ്യനായ വിനോബാഭാവേ ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശിക്കാൻ വിസമ്മതിച്ചുവെന്ന വസ്തുത നാം മറക്കരുത്. കേരളത്തിലെ ഹിന്ദുക്ഷേത്രങ്ങളിൽ ആരാധനയ്ക്കെത്തുന്ന അന്യമതസ്ഥർക്ക പ്രവേശനം നിഷേധിക്കപ്പെടുന്നതുമൂലം അപമാനിതരാകുന്നത് ഈ സംസ്ഥാനത്തിലെ ഹിന്ദുക്കളാണ്; വ്രണിതമാകുന്നതു സഹിഷ്ണുതയ്ക്കു കേൾവിപ്പെട്ട ഹിന്ദുസംസ്കാരമാണ്. ഇവിടെ നിരാകരിക്കപ്പെടുന്നതു ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാകുന്നു.

ഈ വസ്തുത ഇവിടെ എടുത്തുപറയുവാൻ കാരണം, പ്രശസ്ത കവിയായ ശ്രീ യൂസഫലി കേച്ചേരിക്കുണ്ടായ ഒരു അനുഭവമാണ്. ഗുരുവായൂരപ്പനെപ്പററി അത്യന്തം ഭക്തിസാന്ദ്രങ്ങളും ഉദാത്തങ്ങളുമായ ഏതാനും കവിതകൾ ശ്രീ യൂസഫലി എഴുതിയിട്ടുണ്ട്. ഇവയുടെ കൈവന്ന പ്രചാരം മൂലമായിരിക്കണം; 'നാരായണീയ'ത്തിന്റെ നാന്നൂറാം വാർഷികം സംബന്ധിച്ച ഡിസംബർ 15-ാം തീയതി സംഘടിപ്പിക്കപ്പെട്ട കവിസമ്മേളനത്തിലേക്ക് ശ്രീ യൂസഫലിയെ ക്ഷണിച്ചിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ഭക്തിയേയും കവിതയേയും അംഗീകരിച്ചുവെങ്കിലും, ക്ഷേത്രാധികൃതർ ഗുരുവായൂരപ്പന്റെ സന്നിധിയിൽ പ്രവേശിക്കുന്നതിന് അദ്ദേഹത്തെ അനുവദിക്കുമെന്നു കരുതാനുള്ള സാഹചര്യങ്ങൾ അല്ല നിലവിലിരുന്നത്. ഇതു സംബന്ധിച്ച് ശ്രീ യൂസഫലി എനിക്ക് അയച്ച ഒരു കത്തിൽനിന്ന പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കാം:

'നാരായണീയ'ത്തിന്റെ നാന്നൂറാം വാർഷികത്തോടനുബന്ധിച്ചു നടന്ന കവിസമ്മേളനത്തിന് ഗുരുവായൂർ ദേവസ്വം എന്നെയും ആദരപുരസ്സരം ക്ഷണിച്ചിരുന്നു. ഞാൻ ഇങ്ങനെ മറുപടി എഴുതി:

മഹാത്മൻ,

എന്നേപ്പോലെയുള്ള കൃഷ്ണഭക്തന്മാരെ ഗുരുവായൂരമ്പലത്തിൽ തൊഴാൻ അനുവദിക്കാത്ത ഗുരുവായൂർ ദേവസ്വവുമായി സഹകരിക്കേണ്ടതില്ലെന്ന് എന്റെ മനസ്സിലിരിക്കുന്ന ഭഗവാൻ എന്നെ ഉപദേശിക്കുന്നു. ആ ഉൾവിളി തള്ളിക്കളയാൻ ഞാൻ ആളല്ല. മാപ്പ്!

പ്രണാമപൂർവം
കേച്ചേരി'

ഉള്ളിൽത്തട്ടുന്ന ഈ കത്തിന് ഒരു വിശദീകരണം ആവശ്യമില്ല. ശ്രീ യൂസഫലിയുടെ നിലപാടിനോടു ഞാൻ പൂർണമായും യോജിക്കുന്നു. ലജ്ജാകരവും അന്ധവുമായ ഈ വിവേചനം അവസാനിപ്പിക്കുന്നതിന് ഗുരുവായൂർ ദേവസ്വവും അതിനെ നിയന്ത്രിക്കുന്ന കേരളാഗവണ്മെൻറും മുന്നോട്ടുവരുമോ? അതിനാവശ്യമായ സമ്മർദം കേരളത്തിലെ ഉദ്ബുദ്ധരായ ഹിന്ദുക്കൾ ദേവസ്വത്തിലും ഗവണ്മെൻറിലും ചെലുത്തുമോ?

(21 ഡിസംബർ, 1986)